സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുള്ള നഗരസഭകളിൽ ആയവ കൂടുതൽ ആധുനികവൽക്കരിക്കുന്നതിനും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ അവലോകനം നടത്തിവരുന്നുണ്ട്.

(സി) മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ച് നൽകുന്നുണ്ട്. പദ്ധതി നടപ്പിലാക്കേണ്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കാർഷിക വിളകളുടെ സംഭരണ നടപടികൾ

29 (*149) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലയിടിവ് തടയുന്നതിൽ സർക്കാർ തലത്തിലുള്ള സംഭരണ നടപടികൾ വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ചിട്ടുള്ള സംഭരണ നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇവ ഓരോന്നും പ്രഖ്യാപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; പ്രസ്തുത സാഹചര്യങ്ങൾക്ക് അയവുവരുത്താൻ പ്രസ്തുത നടപടികൾ കൊണ്ട് സാധിച്ചുവോ;

(ഡി) സംഭരണ നടപടികൾ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടും വിലയിടിവ് തടയാൻ കഴിയാതിരുന്ന വിളകളുടെ വിശദാംശങ്ങൾ നല്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) നെല്ല്, നാളികേരം, റബ്ബർ എന്നീ വിളകളുടെ വിലയിടിവ് തടയുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സംഭരണ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

നെല്ലിന് ന്യായവില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിലുൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില ഉല്പാദന ചെലവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണ വില നൽകിയാണ് നെല്ല് സംഭരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.10 രൂപയാണ്. സംസ്ഥാന സർക്കാർ നെല്ലിന് നൽകിയിരുന്ന സംഭരണ വില കിലോയ്ക്ക് 19.00 രൂപയായിരുന്നത് 7-11-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 34/2015/ഭ.സി.സ.വ. പ്രകാരം കിലോയ്ക്ക് 21.50 രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി 25-2-2014 തീയതിയിലെ സ.ഉ.(എം.എസ്.)നമ്പർ 56/2014/കൃഷി പ്രകാരം റബ്ബർ സംഭരണം ആരംഭിച്ചു കൂടാതെ റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി 3-7-2015 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(പി.) നമ്പർ 269/2015/ഫിൻ പ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും, റബ്ബർ ബോർഡ് കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകിവരുന്നു. പദ്ധതിയിൽ കിലോയ്ക്ക് 150.00 രൂപയാണ് ഇപ്പോൾ റബ്ബറിന്റെ താങ്ങുവിലയായി കണക്കാക്കുന്നത്. പദ്ധതിയിൽ RSS-4, RSS-5 ഇനത്തിലുള്ള റബ്ബറിനുപുറമെ ലാറ്റക്സിനും സബ്സിഡി അനുവദിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളികേരത്തിന്റെ വിലയിടിവ് തടയുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതി 1-1-2013 മുതൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2005 വർഷം മുതൽ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ ഏതാനും ജില്ലകളിൽ മാത്രമായി നടപ്പിലാക്കിയിരുന്ന നെല്ലുസംഭരണം 17-2-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 31/2012/കൃഷി പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണവിലയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. 2011 വർഷത്തിൽ കിലോയ്ക്ക് 14 രൂപയായിരുന്ന സംഭരണ വിലയിൽ സംസ്ഥാന സർക്കാർ വർദ്ധനവ് വരുത്തിയിട്ടുണ്ട്. 7-11-2015-ലെ സ.ഉ.(എം.എസ്.)നമ്പർ 34/2015/ഭ.സി.സ.വ. ഉത്തരവ് പ്രകാരം സംഭരണ വില കിലോയ്ക്ക് 21.50 രൂപയാക്കിയിട്ടുണ്ട്.

കൂടാതെ റബ്ബറിന് വില സ്ഥിരത ഉറപ്പാക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി 3-7-2015 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ.(പി.) നമ്പർ 269/2015/ഫിൻ പ്രകാരം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(സി) സംസ്ഥാനത്ത് നാളികേരത്തിന് വിപണിയിൽ വിലയിടിവുണ്ടായ സാഹചര്യത്തിൽ നടപ്പിലാക്കിത്തുടങ്ങിയ പച്ചനാളികേര സംഭരണ പദ്ധതിയിലൂടെ വിപണിവില ഉയരുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്.

സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നുനിന്ന സാഹചര്യത്തിൽ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനാണ് സംസ്ഥാന സർക്കാർ വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതുമൂലം റബ്ബറിന്റെ വിപണിവില ഒരു പരിധി വരെ പിടിച്ചുനിർത്തുന്നതിന് സാധിച്ചു. തുടർന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി മുഖേന കിലോയ്ക്ക് 150 രൂപ നിരക്കിലുള്ള താങ്ങുവിലയുടെ പ്രയോജനം റബ്ബർ കർഷകർക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

നെല്ല് സംഭരണ പദ്ധതിയിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉയർന്ന സംഭരണവില നെൽകർഷകർക്ക് ഏറെ ആശ്വാസകരമാണ്.

(ഡി) റബ്ബർ സംഭരണ നടപടികളിലൂടെ റബ്ബറിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. റബ്ബറിന്റെ അന്താരാഷ്ട്ര വിപണി വിലയിലുണ്ടാകുന്ന വ്യതിയാനമാണ് ആഭ്യന്തര വിപണി വിലയിടിവിന് കാരണമാകുന്നത്.

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ റബ്ബർ സംഭരണ നടപടികളും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യവും കർഷകർക്ക് ഏറെ പ്രയോജനപ്രദമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly